കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAIDK 11/733/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 08/09/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAIDK 11/733/2021 തീയ്യതി: 08/09/2021

ഇടുക്കി ജില്ലയിലെ ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-10-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 19-07-2021 |
| ശ്രീമതി. സിനി.എം.വി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 20-07-2021 | 22-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 22-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ടി. എസ്. ധനജയൻ ഓഡിറ്റ് ഓഫീസർ
ശ്രീ. വി.ജി. സജിമോൻ ഓഡിറ്റ് ഓഫീസർ
ശ്രീ. എം. കെ. അഭിലാഷ് അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ബെന്നി മാത്യു സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജോമോൻ ഫ്രാൻസിസ് സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രാജേശ്വരി രാജൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ വി.വിനോദ്കുമാർ | സെക്രട്ടറി | 01-04-2019 | 07-05-2019 |
| ശ്രീ റോയ് മോൻ റ്റി ചാക്കോ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-05-2019 | 26-05-2019 |
| ശ്രീ വി.വിനോദ്കുമാർ | സെക്രട്ടറി | 27-05-2019 | 17-07-2019 |
| ശ്രീ റോയ് മോൻ റ്റി ചാക്കോ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-07-2019 | 23-07-2019 |
| ശ്രീ എം സ്ററീഫൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-07-2019 | 02-09-2019 |
| ശ്രീ വി.വിനോദ്കുമാർ | സെക്രട്ടറി | 03-09-2019 | 13-12-2019 |
| ശ്രീ എം സ്റ്റീഫൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-12-2019 | 25-12-2019 |
| ശ്രീ ഗിരീഷ് വി ജെ | സെക്രട്ടറി | 26-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ റോയ് മോൻ റ്റി ചാക്കോ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 23-07-2019 |
| ശ്രീ എം സ്റ്റീഫൻ | അസിസ്റ്റന്റ് സെക്രട്ടറി | 24-07-2019 | 31-03-2020 |
| ശ്രീമതി ഷിൻസി മാത്യു | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 25-07-2019 |
| ശ്രീ പ്രമോദ് പി ബി | അസിസ്റ്റന്റ് എൻജിനീയർ | 26-07-2019 | 26-08-2019 |
| ശ്രീമതി ചിത്രലേഖ ജി | അസിസ്റ്റന്റ് എൻജിനീയർ | 27-08-2019 | 25-10-2019 |
| ശ്രീ പ്രമോദ് പി ബി | അസിസ്റ്റന്റ് എൻജിനീയർ | 26-10-2019 | 31-03-2020 |
| ശ്രീ സരീഷ് ചന്ദ്രൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ശ്രീ ആനന്ദവിഷ്ണുപ്രസാദ് | കൃഷി ഓഫീസർ | 01-04-2019 | 23-11-2019 |
| ശ്രീമതി ആതിര കെ കെ | കൃഷി ഓഫീസർ | 24-11-2019 | 31-03-2020 |
| ഡോ ഡിജി പി.ഡി | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 04-03-2020 |
| ഡോ ജോസഫ് പി മോസസ് | മെഡിക്കൽ ഓഫീസർ ആയുർവേദം | 05-03-2020 | 31-03-2020 |
| ഡോ സാം എബ്രഹാം സി എ | വെറ്ററിനറി സർജൻ | 01-04-2019 | 30-07-2019 |
| ഡോ ഗ്ലാഡി എം | വെറ്ററിനറി സർജൻ | 31-07-2019 | 31-03-2020 |
| ശ്രീമതി. ഷിബുമോൾ | ഐ.,സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ സിജോഷ് | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി ശാരിക കെ യു | മെഡിക്കൽ ഓഫീസർ (ഹോമിയോ ) | 01-04-2019 | 31-03-2020 |
| ശ്രീമതി ഗീത വി കെ | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| | | | |

| | | | |
|---|---|---|---|
| ശ്രീ ബിനാഷ് തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.K.Abhilash (Asst. Audit Officer, On 13-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 02-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Benny Mathew (Auditor, On 22-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 26-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Benny Mathew (Auditor, On 18-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 26-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Benny Mathew (Auditor, On 12-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 02-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: M.K.Abhilash (Asst. Audit Officer, On 13-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 27-08-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Benny Mathew (Auditor, On 18-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 27-08-2021) | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ<br>Written By: Benny Mathew (Auditor, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 27-08-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: T.S.Dhanajayan (Audit Officer, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 27-08-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: T.S.Dhanajayan (Audit Officer, On 23-07-2021)<br>Last Updated By: Sini.M.V (Senior Deputy Director, On 27-08-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: T.S.Dhanajayan (Audit Officer, On 21-07-2021)<br>Last Updated By: Sini.M.V (Senior Deputy Director, On 27-08-2021) | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Benny Mathew (Auditor, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 02-09-2021) | 1-11 |
| 12 | കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുകയോ കുടിശിക യഥാസമയം ഈടാക്കുകയോ ചെയ്യുന്നില്ല.<br>Written By: Jomon Francis (Senior Grade Auditor, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 02-09-2021) | 1-12 |
| 13 | ഇ-ടെൻഡർ ഫോം വില,നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല<br>Written By: V G Sajimon (Audit Officer, On 19-07-2021)<br>Last Updated By: Sini.M.V (Senior Deputy Director, On 27-08-2021) | 1-13 |
| 14 | മൂല്യ നിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-ചെലവ് തടസ്സം ₹2200000/-.<br>Written By: M.K.Abhilash (Asst. Audit Officer, On 19-07-2021)<br>Last Updated By: Sini.M.V (Senior Deputy Director, On 27-08-2021) | 1-14 |
| 15 | പഠനമുറി നിർമ്മാണം വാല്യുവേഷൻ സാക്ഷ്യപത്രം ഹാജരാക്കിയില്ല, ചെലവ് തടസ്സം ₹50,000/- .<br>Written By: M.K.Abhilash (Asst. Audit Officer, On 19-07-2021)<br>Last Updated By: Sini.M.V (Senior Deputy Director, On 27-08-2021) | 1-15 |
| 16 | ഓഡിറ്റ് റിക്വിസിഷൻ, സമ്മൻസ് എന്നിവ അവഗണിച്ചു. ഐ.സി.ഡി.എസ് സൂപ്പർവൈസർ ഫയലുകൾ ഹാജരാക്കിയില്ല. ചെലവ് തടസ്സം ₹3,58,3832/-<br>Written By: M.K.Abhilash (Asst. Audit Officer, On 19-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 02-09-2021) | 1-16 |
| 17 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ ഫയലുകൾ ഹാജരാക്കിയില്ല ₹6,20,425/-യുടെ ചെലവ് തടസ്സം<br>Written By: M.K.Abhilash (Asst. Audit Officer, On 15-07-2021)<br>Last Updated By: Sini.M.V (Senior Deputy Director, On 27-08-2021) | 1-17 |
| 18 | പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഗുരുതരമായ കാലവിളംബം<br>Written By: Benny Mathew (Auditor, On 16-07-2021)<br>Last Updated By: Sini.M.V (Senior Deputy Director, On 27-08-2021) | 1-18 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: T.S.Dhanajayan (Audit Officer, On 15-07-2021)<br>Last Updated By: Sini.M.V (Senior Deputy Director, On 27-08-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.S.Dhanajayan (Audit Officer, On 17-07-2021)<br>Last Updated By: Sini.M.V (Senior Deputy Director, On 27-08-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.S.Dhanajayan (Audit Officer, On 15-07-2021)<br>Last Updated By: Sini.M.V (Senior Deputy Director, On 27-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: T.S.Dhanajayan (Audit Officer, On 15-07-2021)<br>Last Updated By: Sini.M.V (Senior Deputy Director, On 27-08-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Benny Mathew (Auditor, On 18-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 02-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: T.S.Dhanajayan (Audit Officer, On 15-07-2021)<br>Last Updated By: Sini.M.V (Senior Deputy Director, On 27-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.S.Dhanajayan (Audit Officer, On 21-07-2021)<br>Last Updated By: Sini.M.V (Senior Deputy Director, On 27-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: T.S.Dhanajayan (Audit Officer, On 15-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 02-09-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം<br>Written By: Jomon Francis (Senior Grade Auditor, On 16-07-2021)<br>Last Updated By: Sini.M.V (Senior Deputy Director, On 27-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.K.Abhilash (Asst. Audit Officer, On 22-07-2021)<br>Last Updated By: Sini.M.V (Senior Deputy Director, On 27-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jomon Francis (Senior Grade Auditor, On 16-07-2021)<br>Last Updated By: Sini.M.V (Senior Deputy Director, On 27-08-2021) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

<u>ഭാഗം -1</u>

## 1-1 ബജറ്റ്

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 15.02.2019-ൽ പാസാക്കിയ ബജറ്റ്, പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 25.02.2019-ലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ₹2,59,29,153/- മുന്നിരിപ്പും ₹39,44,06,796/- വരവും ₹41,55,55,000/- ചെലവും ₹47,80,949/- നീക്കിയിരിപ്പും ഉണ്ട്. എന്നാൽ വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ തുകകളുമായി വലിയ അന്തരം കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം (₹) | വാർഷിക കണക്കുകൾ പ്രകാരം (₹) | വ്യത്യാസം (₹) | വ്യത്യാസം (%) |
|---|---|---|---|---|
| മുന്നിരിപ്പ് | 2,59,29,153 | 5,79,23,802 | -3,19,94,649 | -123.39 |
| വരവ് | 39,44,06,796 | 12,76,26,863 | 26,67,79,933 | 67.64 |
| ചെലവ് | 41,55,55,000 | 14,71,11,407 | 26,84,43,593 | 64.60 |
| നീക്കിയിരിപ്പ് | 47,80,949 | 3,84,39,258 | -3,36,58,309 | -704.01 |

സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് അനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പായി സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ് [സെക്ഷൻ 214 (1)]. എന്നാൽ ഇപ്രകാരമുള്ള ബജറ്റ് നടപടി ക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല എന്നു കാണുന്നു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 25.06.2020 | .. | .. |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹5,79,23,802 |
| വരവ് | ₹12,76,26,863 |
| ആകെ | ₹18,55,50,665 |
| ചെലവ് | ₹14,71,11,407 |
| നീക്കിയിരിപ്പ്- | ₹3,84,39,258 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 26694494 | 26694494 | 24563140 | 2131354 |
| | എസ്.സി.പി | 0 | 3076539 | 3076539 | 1686935 | 1389604 |
| | റ്റി.എസ്.പി | 0 | 6944478 | 6944478 | 4390902 | 2553576 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | | 0 | 20692101 | 20692101 | 7399758 | 13292343 |
| സംരക്ഷണ ഗ്രാന്റ് | റോഡിതരം | 0 | 7308000 | 7308000 | 3243658 | 4064342 |
| | റോഡ് | 0 | 15415000 | 15415000 | 9077109 | 6337891 |
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്) | 50370 | 7833958 | 7884328 | 7876175 | 8153 |
| | തൊഴിലാളികളുടെ കൂലി & മെറ്റീരിയൽ | 0 | 991792217 | 991792217 | 991792217 | 0 |
| | 100 ദിന തൊഴിൽ പ്രോത്സാഹനം | 0 | 1374000 | 1374000 | 1374000 | 0 |
| | ഐ.സി.ഡി.എസ് | 794790 | 304981 | 1099771 | 67981 | 1031790 |
| | ടോട്ടൽ സാനിറ്റേഷൻ | 1290000 | 0 | 1290000 | 0 | 1290000 |
| | പശ്ചിമഘട്ട വികസനം | 748678 | 7752 | 756430 | 470842 | 285588 |
| | എസ്.എസ്.എ | 44335 | 1569 | 45904 | 41 | 45863 |
| സംസ്ഥാ | ശുചിത്വമിഷൻ | 1109968 | 0 | 1109968 | 970359 | 139609 |

| | | | | | | |
|---|---|---|---|---|---|---|
| നാവിഷ്കൃത പദ്ധതി | ജലനിധി | 899763 | 22094 | 921857 | 688092 | 233765 |
| | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 281826 | | 281826 | 0 | 281826 |
| | വരൾച്ചാ ദുരിതാശ്വാസ ഫണ്ട് | 38000 | | 38000 | 38000 | 0 |
| | ലൈഫ് ഭവനപദ്ധതി | 4091191 | | 4091191 | 0 | 4091191 |
| | എം.എൽ.എ. ഫണ്ട് | 50041 | | 50041 | 36287 | 13754 |
| | ജവഹർഭവന പദ്ധതി | 1000 | | 1000 | 0 | 1000 |
| | സാക്ഷരത | 68814 | | 68814 | 67128 | 1686 |
| | കുടുംബശ്രീ | | 666424 | 666424 | 666424 | 0 |
| | വിമുക്തി | 50000 | 503136 | 553136 | 50000 | 503136 |
| | മഴക്കാല പൂർവ്വ ശുചീകരണം | 0 | 261325 | 261325 | 261325 | 0 |
| മറ്റ് ഫണ്ടുകൾ | മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായം | 0 | 15460000 | 15460000 | 13740000 | 1720000 |
| | Development Fund General Capital | 3760336 | | 3760336 | 0 | 3760336 |
| | ആയുർവ്വേദ ഡിസ്പെൻസറി അറ്റകുറ്റപ്പണി | 806658 | | 806658 | 0 | 806658 |
| | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 2500000 | | 2500000 | 0 | 2500000 |
| | ആയുർവ്വേദ ഹോസ്പിറ്റൽ നിർമ്മാണം | 400000 | | 400000 | | 400000 |
| സംയുക്ത പദ്ധതികൾ | ബ്ലോക്ക് പഞ്ചായത്ത് | 2673425 | 1984550 | 4651975 | 3489975 | 1168000 |
| | ജില്ലാ പഞ്ചായത്ത് | 2566468 | | 2566468 | 1998468 | 568000 |

ജി.ഒ. പദ്ധതികൾ പ്രകാരമുള്ള കുറയ്ക്കലുകൾ എ.സി.ആർ-ൽ പ്രതിഫലിച്ചിട്ടില്ലെങ്കിലും സുലേഖയിലുണ്ട്. ആയതിനാൽ വികസന ഫണ്ടിന്റെ ചെലവുകൾ സുലേഖ പ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മുൻ റിപ്പോർട്ടിലെ ലൈഫ് ഭവന പദ്ധതി (കാനറ ബാങ്ക്) എന്നയിനത്തിലെ നീക്കിയിരിപ്പ് ലൈഫ് ഭവന പദ്ധതി എന്ന ഹെഡ്ഡിലുള്ള അക്കൗണ്ടിൽ ഉൾപ്പെട്ടതിനാൽ ആയതിന്റെ മുൻവർഷ നീക്കിയിരിപ്പ് തൻവർഷത്തെ പ്രാരംഭ ബാക്കിയായി പരിഗണിച്ചിട്ടില്ല.

## 1-5 പദ്ധതി അവലോകനം

1. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 50,56,667 | 5 | 16,45,332 | 32.54 |
| വെറ്ററിനറി സർജൻ | 8 | 29,23,723 | 5 | 8,23,399 | 28.16 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 5 | 11,20,000 | 3 | 6,68,700 | 59.71 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 2 | 4,00,000 | 2 | 3,99,910 | 99.98 |
| മെഡിക്കൽ ഓഫീസർ- ആയുർവ്വേദം | 1 | 15,00,000 | 1 | 15,00,000 | 100.00 |
| വി.ഇ.ഒ. | 14 | 10,04,91,612 | 10 | 53,31,000 | 5.30 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 57,50,166 | 4 | 35,83,832 | 62.33 |
| സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 38 | 2,31,49,516 | 28 | 1,66,41,554 | 71.89 |
| അസി.സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 10 | 23,12,000 | 9 | 9,91,263 | 42.87 |
| ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്. | 5 | 10,80,000 | 2 | 3,08,560 | 28.57 |
| അസിസ്റ്റന്റ് എൻജിനീയർ | 166 | 6,25,34,280 | 54 | 1,93,96,052 | 31.02 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 35,00,000 | 1 | 13,82,630 | 39.50 |
| **ആകെ** | 266 | 20,98,17,964 | 124 | 5,26,72,232 | 25.10 |

266 പദ്ധതികൾക്കായി ₹20,98,17,964/- വകയിരുത്തിയിരുന്നുവെങ്കിലും 124 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. (₹5,26,72,232/- മാത്രമാണ് ചെലവ് )

2. വിവിധ മേഖലകൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ നൽകുന്നു.

| ഫണ്ട് | മേഖല | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|---|
| പൊതു വിഭാഗം | ഉത്പാദനം | 15 | 11506667 | 4291361 |
| | സേവനം | 73 | 116443721 | 24588569 |
| | പശ്ചാത്തലം | 151 | 57293647 | 16881612 |
| പട്ടിക ജാതി വിഭാഗം | ഉത്പാദനം | 1 | 401480 | 0 |
| | സേവനം | 10 | 4991941 | 2039406 |
| പട്ടിക വർഗ്ഗ വിഭാഗം | ഉത്പാദനം | 1 | 12243 | 0 |
| | സേവനം | 13 | 18268265 | 449063 |

| | പഞ്ചായത്തലം | 2 | 900000 | 382221 |
|---|---|---|---|---|
| | ആകെ | 266 | 209817964 | 52672232 |

3. പ്രത്യേക ഘടകപദ്ധതികൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ നൽകുന്നു.

| ഘടകം | പ്രോജക്ടിന്റെ എണ്ണം | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|---|
| വനിതാ ഘടകം | 6 | 6 | 9426667 | 30777962 |
| കുട്ടികൾ | 6 | 4 | 1470000 | 328545 |
| വൃദ്ധർ | 4 | 2 | 2006400 | 470750 |
| ഭിന്നശേഷിക്കാർ | 4 | 2 | 3220000 | 809400 |
| മറ്റ് ദുർബല വിഭാഗം | 4 | 4 | 905000 | 708171 |
| പാലിയേറ്റീവ് കെയർ | 4 | 2 | 620000 | 261000 |
| യുവജന വിഭാഗം | 2 | 2 | 207600 | 60760 |
| ആകെ | 30 | 22 | 17855667 | 5716588 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് / ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്) | 50370 | 7833958 | 7884328 | 7876175 | 8153 |
| | തൊഴിലാളികളുടെ കൂലി & മെറ്റീരിയൽ | 0 | 991792217 | 991792217 | 991792217 | 0 |
| | 100 ദിന തൊഴിൽ പ്രോത്സാഹനം | 0 | 1374000 | 1374000 | 1374000 | 0 |

## 1-7 ക്ഷേമ പെൻഷനുകൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3186600 | 38 |
| വിധവാ പെൻഷൻ | 5345400 | 60 |
| വാർദ്ധക്യകാലപെൻഷൻ | 12232800 | 315 |
| വികലാംഗ പെൻഷൻ | 2029600 | 33 |
| 50 വയസിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 109200 | 3 |
| വിവാഹ ധനസഹായം | 90000 | 3 |
| തൊഴിലില്ലായ്മ വേതനം | 18480 | 10 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.07.2021-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹3,757/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല.

3. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

4. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തെരുവ് വിളക്കുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ ഇതുമായി ബന്ധപ്പെട്ടു നടത്തുന്ന നിക്ഷേപങ്ങളുടെ വിവരം ഉൾപ്പെടുത്തുന്നില്ല. അംഗൻവാടികളുടെ വൈദ്യുതീകരണത്തി നായി 2019-20 വർഷം കെ. എസ്. ഇ. ബി.-യിൽ നിക്ഷേപിച്ച തുകയുടെ വിവരം പോലും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇക്കാര്യം ആരെങ്കിലും മോണിട്ടറിംഗ് നടത്തുകയോ തുടർന്ന് നിരീക്ഷിക്കുന്ന രീതിയിൽ എവിടെയെങ്കിലും രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

5. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല.

6. പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

7. ഓഫീസ് ക്രമീകരണത്തിന് വേണ്ടി ഓഫീസ് ഉത്തരവ് തയ്യാറാക്കി ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും രജിസ്റ്ററിൽ സൂപ്പർവൈസിംഗ് ഓഫീസർ എല്ലാ ദിവസവും സാക്ഷ്യപ്പെടുത്തൽ വരുത്തുന്നില്ല.

സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല.

8. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

9. തനത് വരുമാനം

ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുകയും കടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കിയിട്ടുണ്ട്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ നികുതി നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉയർന്നുവന്നിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.01.2021 | 12/2020-01/2021 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.04.2014 | 2013-14 | 02.08.2014 |

1-11 വാർഷിക കണക്കുകളിലെ അപാകതകൾ

| | |
|---|---|
| 1 | ബി-4 ഷെഡ്യൂളിൽ പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച വിവിധ ഫണ്ടുകളിലെ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകൾ ഏതൊക്കെ അക്കൗണ്ടുകളിലാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. |
| 2 | (I) കെട്ടിട നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി.-യിൽ നിന്ന് ലഭിച്ച ലോണിൽ ₹1,89,241/- തിരിച്ചടയ്ക്കാനുള്ളതായി ലോൺ രജിസ്റ്ററിൽ കാണുന്നു. ഇക്കാര്യം വാർഷിക കണക്കിൽ ഇല്ല.<br>(Ii) Balance Sheet - ലെ B(5), B(16) ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വർഷാവസാനം ഒടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്ന ബന്ധപ്പെട്ട ലോൺ രജിസ്റ്ററിലെ തുകകളുമായും പൊരുത്തപ്പെടുന്നില്ല.<br>(Iii) തൻവർഷം ജവഹർ ഭവന പദ്ധതിയിൽ ₹2,50,000/-യും ലൈഫ് മിഷൻ പദ്ധതിയിൽ ₹46,37,212/-യും തിരച്ചടവുള്ളതായി രജിസ്റ്ററിൽ കാണുന്നു. എന്നാൽ പ്രസ്തുത തിരിച്ചടവ് വിവരങ്ങൾ I&E, R&Pഷെഡ്യൂളുകളിൽ വന്നിട്ടില്ല. |
| 3 | ബി-9 ഷെഡ്യൂൾ പ്രകാരം അദർ ലയബിലിറ്റീസ് എന്ന ഹെഡിൽ ₹57,85,437/- ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ അതിന്റെ വിശദാംശംങ്ങൾ ലഭ്യമല്ലാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല. |
| 4 | (I) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.<br>(Ii) വാർഷിക കണക്കിൽ ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല. |
| 5 | ക്യാപ്പിറ്റൽ വർക്ക്-ഇൻ-പ്രോഗ്രസ് എന്നയിനത്തിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുക ₹4800923/-. അസി. എഞ്ചിനീയർ ലഭ്യമാക്കിയ രേഖകൾ പ്രകാരം ഇത് ₹1549367/-യാണ്. |
| 6 | വസ്തു നികുതിയിനത്തിൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വരവ് കണക്കുകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. |

| വസ്തു നികതി | കടിശ്ശിക | വാർഷിക കണക്കുകൾ പ്രകാരം ₹ | സഞ്ചയ പ്രകാരം ₹ |
|---|---|---|---|
| Non Residential | Arrears | 3798655 | 732917 |
| | Current | 816819 | 543249 |
| Residential | Arrears | 1472383 | 768725 |
| | Current | 550854 | 758559 |

| | |
|---|---|
| 7 | (I) ബി-15 ഷെഡ്യൂളിൽ D&O ലൈസൻസ് എന്ന ഇനത്തിൽ മുൻവർഷങ്ങളിലെ കടിശ്ശികയായി ₹1,99,890/- പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായും കാണുന്നു. D&O ഇനത്തിൽ പിരിച്ചെടുക്കുന്ന തുക തന്നെയാണ് ഡിമാന്റ് ആയി ഉൾപ്പെടുത്തേണ്ടത് എന്നതിനാൽ ബാലൻസ് ഷീറ്റിൽ ഇപ്രകാരം തുകകൾ ഉൾപ്പെടുത്തുന്നത് തെറ്റാണ്. |

| | |
|---|---|
| 8 | കുടിശ്ശിക തുകകൾക്ക് നാമമാത്രമായി പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും വർക്ക് ഷീറ്റ് ലഭ്യമാക്കാത്തതിനാൽ മതിയായ രീതിയിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കാനായില്ല. |
| 9 | വാർഷിക കണക്കിൽ B-14 Stock In Hand ഇനത്തിൽ ₹3,08,639/- ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല |
| 10 | ഷെഡ്യൂൾ ബി-18-ലെ Deposit With Kerala Electricity Board എന്നയിനത്തിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുക ₹15,198/-. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഇത് ₹77,585/-യാണ്. |
| 11 | ഉപോൽബലകമായ രേഖകളുടെ പിൻബലമില്ലാതെ I-18 Prior Period Items-ൽ ഉൾപ്പെടുത്തി തുകകൾ എഴുതിത്തള്ളിയിരിക്കുന്നു. |

## 1-12 കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുകയോ കുടിശിക യഥാസമയം ഈടാക്കുകയോ ചെയ്യുന്നില്ല.

2019-20 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ വ്യക്തമാക്കുന്ന അപാകതകൾ കാണുന്നു.

| ക്രമ നം | മുറി നം | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക ₹ | കുടിശിക | കുറിപ്പ് |
|---|---|---|---|---|---|
| 1 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ്, KTD-1 | വാടകക്കാരന്റെ പേര്, പ്രതിമാസ വാടക, കുടിശിക എന്നിവ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ പെൻസിൽ ഉപയോഗിച്ച് ഡിമാന്റ് ₹39,828/- എന്നും, കളക്ഷൻ Nil എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. | | | |
| 3 | 1 | ജോസ് മത്തായി | ലഭ്യമല്ല | 39828 | വാടക രജിസ്റ്ററിൽ അരിയർ ഡിമാന്റ് തയ്യാറാക്കിയിട്ടുണ്ട് എന്നാൽ ഇതേ ആളുകളുടെ പേരുകൾ വാടക രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്താനാ യില്ല. ഏത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളാണ് വാടകയ്ക്ക് നൽകിയിരിക്കുന്നതെന്നും രേഖപ്പെടുത്തി യിട്ടില്ല. കൂടാതെ ഇത് സെക്രട്ടറി സാക്ഷ്യപ്പെടു ത്തിയിട്ടുമില്ല. |
| 4 | 2 | ശ്യാംകുമാർ | ലഭ്യമല്ല | 30924 | |
| 5 | 21 C | അനു<br>റ്റി. ആർ. | ലഭ്യമല്ല | 7644 | വാടക രജിസ്റ്ററിൽ വേക്കന്റ് എന്ന് രേഖപ്പെടുത്തി യിരിക്കുന്നു. |
| 6 | 21 F | ശ്യാം കുമാർ | ലഭ്യമല്ല | 13236 | വാടക രജിസ്റ്ററിൽ വേക്കന്റ് എന്ന് രേഖപ്പെടുത്തി യിരിക്കുന്നു. |

താഴെ കൊടുത്തിരിക്കുന്ന മുറികൾ വാടകയ്ക്ക് നൽകിയിട്ടില്ല.

| ക്രമ നം. | കെട്ടിടത്തിന്റെ വിശദാംശംങ്ങൾ |
|---|---|
| 1 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ്, KTD-7 |
| 2 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ്, KTD-11 |
| 3 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ്, KTD-12 |
| 4 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ്, KTD-13 |
| 5 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ്, KTD-21 C |
| 6 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ്, KTD-21 D |
| 7 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ്, KTD-21 D |
| 8 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ്, KTD-21 F |
| 9 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ്, KTD-25 |
| 10 | അട്ടിക്കളം ഷോപ്പിംഗ് കോംപ്ലക്സ് ATKLM-1 |
| 11 | അട്ടിക്കളം ഷോപ്പിംഗ് കോംപ്ലക്സ് ATKLM-2 |
| 12 | കഞ്ഞിക്കുഴി പുതിയ ഷോപ്പിംഗ് കോംപ്ലക്സ് - KKY-NEW-4 |
| 13 | കഞ്ഞിക്കുഴി പുതിയ ഷോപ്പിംഗ് കോംപ്ലക്സ് - KKY-NEW- 5 |
| 14 | കഞ്ഞിക്കുഴി പുതിയ ഷോപ്പിംഗ് കോംപ്ലക്സ് - KKY-NEW- 6 |

വാടക കുടിശിക ഈടാക്കാത്തത് സംബന്ധിച്ചും മുറികൾ വാടകയ്ക്ക് നൽകിയിട്ടില്ലാത്തത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3, തീയതി. 14.07.2021) ലഭ്യമാക്കിയ മറുപടിയിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലമാണ് ലേലത്തിലെടുത്തവർ മുറികൾ ഏറ്റെടുക്കുന്നതിന് തയ്യാറാകാതിരുന്നതെന്ന് വ്യക്തമാക്കിയിട്ടുള്ളത്. മുറികളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ഇ-ടെൻഡർ ഫോം വില,നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം ഇ-ടെൻഡർ നടപടികളിലൂടെ 06 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ (ടെൻഡർ ഫോം വില + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തികവർഷം | പ്രവൃത്തികളുടെ എണ്ണം | ഫോം വില ₹ |
|---|---|---|
| 2019-20 | 06 | 29200 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-14 മൂല്യ നിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-ചെലവ് തടസ്സം ₹2200000/-.

